പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 198 — 17. 06. 2014 ൽ മറുപടിക്ക്

ലാഭപ്രഭ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാന പദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (എ) | 2014 മാർച്ച് 1 മുതൽ മെയ് 31 വരെ പദ്ധതി കാലയളവുള്ള ലാഭപ്രഭ 2014(സീസൺ 2) ൽ വിഭാവനം ചെയ്തിരിക്കുന്ന സമ്മാന പദ്ധതി ചുവടെ ചേർക്കുന്നു.<br>1. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്. ലാമ്പ്.<br>2. പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തേക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5000 പേർക്ക് ഓരോ സൌരോർജ്ജറാന്തലും, പിന്നീടുള്ള 50,000 പേർക്ക് ഓരോ സി.എഫ്. ലാമ്പും.<br>3. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുത ഉപഭോഗം 20 ശതമാനമെങ്കിലും കുറപ്പിയ്ക്കുകയും അതുവഴി ഏറ്റവും കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും ചെയ്യുന്ന, ഓരോ റവന്യൂ ജില്ലയിലെയും ആദ്യത്തെ പത്ത് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (grid tied) അഞ്ച് കിലോവാട്ടിന്റെ സൌരോർജ്ജപ്ലാന്റ്.<br>4. 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതിലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| | | | വഹിയ്ക്കും. സമ്മാനാർഹമാകുന്ന സ്കൂളുകളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൌരോർജ്ജറാന്തലും ബഹുമതി പത്രവും. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രഭ-2013 (സീസൺ-1) കാമ്പയിൻ പീരിയഡിൽ ആകെ 13,98,750 യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിനിൽ പത്തു ഫീഡറുകളിൽ നിന്ന് മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം: ഉദ്ദേശം 2280750 യൂണിറ്റ്. ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരിൽ 27,381 പേർ ഫെബ്രുവരി-മാർച്ച് മാസങ്ങളെ അപേക്ഷിച്ച് ഏപ്രിൽ-മെയ് മാസങ്ങളിൽ ഉപഭോഗത്തിൽ കുറവ് രേഖപ്പെടുത്തി.<br>ഫെബ്രുവരി-മാർച്ച് മാസത്തെ ഉപഭോഗം - 101864.37 യൂണിറ്റ്.<br>ഏപ്രിൽ-മെയ് മാസത്തെ ഉപഭോഗം - 81592.6 യൂണിറ്റ്.<br>അതായത് ലാഭപ്രഭ പദ്ധതിമൂലം ഉപഭോഗം 20 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ — 2014 (സീസൺ-2) ന്റെ സവിശേഷത. ലാഭപ്രഭ 2014 (സീസൺ- 2) പദ്ധതിയുടെ ഫലമായി വൈദ്യുതി ഉപഭോഗ ത്തിലുണ്ടായ കുറവ് കണക്കാക്കുന്നത് 2 വൈദ്യുതി ബില്ലുകളിലെ ഉപഭോഗം കണക്കാ ക്കിയാണ്. പുതിയ അദ്ധ്യയന വർഷം തുടങ്ങിയശേഷം രണ്ടാമത്തെ വൈദ്യുതി ബില്ലിന്റെ കോപ്പിയും പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ വിവരങ്ങളും ലഭിച്ചശേഷം മാത്രമെ വൈദ്യുതി ഉപഭോഗ ത്തിലുണ്ടായ കുറവ് കണ്ടെത്താൻ കഴിയൂ. |
| (സി) | ലാഭപ്രഭ പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെ | (സി) | ലാഭപ്രഭ-2013 പദ്ധതിയുടെ സമ്മാന വിതരണത്തിനുള്ള നടപടികൾ അവസാന |

| | | | |
|---|---|---|---|
| | ല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | | ഘട്ടത്തിലാണ്. ലാഭപ്രഭ പദ്ധതിപ്രകാരം 4550 സമ്മാനാർഹരുടെ ലിസ്റ്റ് ബോർഡിന്റെ വെബ് സൈറ്റിൽ (www.kseb.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്മാനത്തിന് അർഹരായ ആദ്യ 50 പേർക്ക് സോളാർ ഇൻവെർട്ടറും, 4500 പേർക്ക് സൌരോർജ്ജ റാന്തലും ലഭിക്കും. ലാഭം വരുത്തിയ മറ്റുള്ളവർക്കും ഉപഭോഗം വർദ്ധിക്കാതെ പിടിച്ചുനിർത്തിയവർക്കും ഓരോ സി.എഫ്.എൽ വീതം ലഭിയ്ക്കും. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും (1,39,101 പേർ) എൻറോൾമെന്റ് സമ്മാനമായി ഓരോ സി.എഫ്.എൽ നൽകിയിരുന്നു. നോ-ലോഡ് ഷെഡിംഗ് പദ്ധതി വിജയകരമായി നടപ്പാക്കിയ ഫീഡറുകളുടെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് പ്രോത്സാഹനമായി ഓരോ സി.എഫ്.എൽ വീതം നൽകും. ഓരോ ഉപഭോക്താവും പദ്ധതികാലയളവിൽ ലാഭിച്ച വൈദ്യുതിയ്ക്ക് തുല്യമായ തുകയുടെ പകുതി അവരുടെ വരും മാസങ്ങളിലെ ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബില്ലിംഗ് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സമ്മാനമായി നൽകാനുള്ള സൌരോർജ്ജ റാന്തലുകൾ അനെർട്ട് വാങ്ങി കഴിഞ്ഞു. 50 സൌരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന തലത്തിലും സർക്കിൾ തലങ്ങളിലും സമ്മേളനങ്ങൾ സംഘടിപ്പിച്ച് ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സമ്മാന വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ നടന്നുവരുന്നു.<br><br>ലാഭപ്രഭ-2014 പദ്ധതിയിൽ 1,93,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ നൽകാനുള്ള നടപടി പുരോഗമിക്കുന്നു. പദ്ധതിയുടെ സമ്മാനാർഹരെ നിശ്ചയിക്കാനായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് 2 വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പുതിയ അദ്ധ്യയന വർഷം തുടങ്ങിയശേഷം രണ്ടാമത്തെ |

| | | | |
|---|---|---|---|
| | | | വൈദ്യുതി ബില്ലിന്റെ കോപ്പിയും പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ വിവരങ്ങളും അതാത് സ്കൂളുകളിൽ നിന്ന് ലഭിച്ച ശേഷം മാത്രമെ സമ്മാനാർഹരെ കണ്ടെത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ